# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ : 1383.　　　　22..3..2013-ൽ മറുപടിക്ക്

## പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ക്ഷീരകർഷകരുടെ ക്ഷേമത്തിനുമായി നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ബഷീർ. | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും, ക്ഷീരകർഷകരുടെ ക്ഷേമത്തിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനും ക്ഷീരകർഷകരുടെ ക്ഷേമത്തിനുമായി ക്ഷീരവികസന വകുപ്പ് തീറ്റപ്പുൽ കൃഷി വ്യാപന പദ്ധതി, കാലിത്തീറ്റ സബ്സിഡി, അസോളകൃഷിയ്ക്കുള്ള സബ്സിഡി, സങ്കരയിനം പശുക്കളെ അന്യസംസ്ഥാനത്തുനിന്നു വാങ്ങി ക്ഷീരകർഷകർക്ക് നല്കുന്ന മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതി, ക്ഷീരകർഷകർക്ക് മിൽക്കിംഗ് മെഷീനുള്ള സബ്സിഡി, ആവശ്യാധിഷ്ഠിത ധനസഹായം, പ്രകൃതിദുരന്തം മുഖേനയോ, രോഗങ്ങൾ മുഖേനയോ അപ്രതീക്ഷിതമായി കാലികൾക്ക് മരണം സംഭവിക്കുമ്പോഴോ, കാലിത്തൊഴുത്ത് പൂർണ്ണമായി നഷ്ടപ്പെട്ടുമ്പോഴോ ക്ഷീരകർഷകർക്ക് ഒരു നിശ്ചിത തുക അനുവദിക്കുന്നതിന് കണ്ടിജൻസി ഫണ്ട്, ക്ഷീരസംഘങ്ങളിൽ ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനും പാൽ ഗുണനിലവാര പരിശോധന നടത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ, രാസവസ്തുക്കൾ എന്നിവ വാങ്ങുന്നതിനും, ധനസഹായം എന്നിവ നല്കിവരുന്നു. ക്ഷീരകർഷക ക്ഷേമ നിധിയിൽ നിന്നും പെൻഷൻ, വിദ്യാഭ്യാസ ധനസഹായം, വിവാഹധനസഹായം, കുടുംബപെൻഷൻ എന്നിവ നല്കിവരുന്നു. |

കൂടാതെ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര പദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്പ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ്, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, മിനി ഡയറി ഫാമിലെ കറവ പശുക്കൾക്ക് സൗജന്യ തീറ്റ വിതരണം, കറവമൃഗങ്ങളുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതി, കറവമൃഗങ്ങൾക്ക് വിരയിളക്കുന്ന പദ്ധതി, 9 മാസം പ്രായമായ പെൺകിടാരികളെ ദത്തെടുക്കൽ പദ്ധതി, കറവയന്ത്രവിതരണം, ക്ഷീര കർഷകർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി, മരണാനന്തര ധനസഹായം, ഉപരിപഠന ധനസഹായം, പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ ഇൻസെന്റീവ്, കെട്ടിട നിർമ്മാണ ഗ്രാന്റ് എന്നിവ മിൽമ ക്ഷീരകർഷകർക്ക് നൽകി വരുന്നു.

(ബി) ക്ഷീരകർഷകരുടെ ക്ഷേമത്തിനായി പുതിയ പദ്ധതികളെന്തെങ്കിലും പരിഗണനയിലുണ്ടോ?

(ബി) ക്ഷീരസംഘത്തിൽ പാൽ അളക്കുന്ന കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് പദ്ധതി ക്ഷീരവികസന വകുപ്പിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ